പിൻവലിച്ച കേസുകൾ

93 [94] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ യു.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) നാദാപുരം സംഭവവുമായി ബന്ധപ്പെട്ട് രമ്യതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ പിൻവലിച്ചുവെന്നും, എത്ര കേസ്സുകൾ പിൻവലിക്കാനുണ്ടെന്നും വിശദമാക്കുമോ;

(ഡി) ഇവ പിൻവലിക്കാതിരിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപേക്ഷ സമർപ്പിക്കുന്നവർ യു.ഡി.എഫ്.-കാരാണോ എൽ.ഡി.എഫ്.-കാരാണോ എന്ന് നോക്കിയല്ല കേസ്സ് പിൻവലിക്കുന്നത്.

(ബി) ബാധകമല്ല.

(സി) കേസ്സുകളൊന്നും പിൻവലിച്ചിട്ടില്ല.

(ഡി) പിൻവലിക്കണമെന്നാവശ്യപ്പെട്ടു ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

കുറ്റകൃത്യങ്ങൾ

94 [95] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുന്നു വർഷങ്ങളിൽ (2001, 2002, 2003) കേരളത്തിൽ സ്ത്രീകൾക്ക് നേരെ നടന്നിട്ടുള്ള കുറ്റകൃത്യങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ, കുറ്റകൃത്യങ്ങളുടെ സ്വഭാവം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, കൊലപാതകം, സ്ത്രീധനമരണം, ഗാർഹിക പീഡനം, മറ്റുതരത്തിലുള്ള അതിക്രമങ്ങൾ എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ 18 വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടികൾക്കു നേരെ നടന്നിട്ടുള്ള അതിക്രമങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ പോലീസ് ഉദ്യോഗസ്ഥൻമാർ പ്രതികളായിട്ടുള്ള എത്ര കേസുകളാണ് ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും അത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരിൽ എത്രപേർക്കെതിരെ പോലീസ് വകുപ്പ് ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബലാൽസംഗത്തിനിരയായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

95 [96] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ ബലാൽസംഗത്തിനിരയായിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്ത്രീപീഡനം

96 [97] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് സ്ത്രീപീഡനത്തെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സ്ത്രീപീഡനത്തെ തുടർന്ന് എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly